**അഴുക്കായതും കേടുവന്നതുമായ നോട്ടുകൾ കൈമാറാൻ സൗകര്യങ്ങൾ**

നവംബർ 28, 2002

എല്ലാ സംഖ്യകളുടെയും അഴുക്കായതും കേടുവന്നതുമായ നോട്ടുകൾ സ്വീകരിക്കാനും മാറ്റിക്കൊടുക്കാനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പൊതുമേഖലാ ബാങ്കുകളുടെ എല്ലാ ശാഖകളെയും സ്വകാര്യബാങ്കുകളുടെ എല്ലാ കറൻസിചെസ്റ്റ് ശാഖകളെയും ചുമതലപ്പെടുത്തിയിരിക്കുന്ന വിവരം പൊതുജനങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഇത്തരം നോട്ടുകളുടെ കൈമാറ്റവില ആർ.ബി.ഐ (നോട്ട് റീഫണ്ട്) ചട്ടങ്ങൾ, 1975 പ്രകാരം ആയിരിക്കും.

പൊതുജനങ്ങൾക്ക് കൂടുതൽ നല്ല സേവനം നൽകുക എന്ന് ലക്ഷ്യത്തോടെ കേടുവന്ന നോട്ടുകൾ കൈമാറാനുള്ള സൗകര്യം റ്റി.എൽ.ആർ (ട്രിപ്പിൾ ലോക്ക് റിസെപ്റ്റക്കിൾ) സംവിധാനം വഴിയും ലഭ്യമാക്കാൻ ആർ.ബി.ഐ ഏർപ്പാട് ചെയ്തിട്ടുണ്ട്. ആർ.ബി.ഐ യുടെ എല്ലാ മേഖലാ കാര്യലയങ്ങളുടെയും അന്വേഷണ കൗണ്ടറുകളിൽ നിന്നും പൊതുജനങ്ങൾക്ക് അത്തരം റ്റി.എൽ. ആർ കവറുകൾ ലഭ്യമാണ്. ആളുകൾക്ക് തങ്ങളുടെ നോട്ടുകൾ വിശദവിവരങ്ങൾ അടയാളപ്പെടുത്തി ഈ കവറുകളിൽ ഇട്ട് അതത് ആർ.ബി.ഐ ഓഫീസുകളിൽ കൊടുക്കാം. അതിന് ഈ ഓഫീസിൽ നിന്നും അവർക്ക് ഒരു പേപ്പർ ടോക്കൺ കിട്ടും. ആർ.ബി.ഐ യുടെ ഓരോ ഇഷ്യൂ ഓഫീസിലും അന്വേഷണ കൗണ്ടറിൽ അത്തരം പെട്ടിയുണ്ടാകും. കേടുവന്ന നോട്ടിന് അനുവദിച്ചിട്ടുള്ള കൈമാറ്റവില ബാങ്ക് ഡ്രാഫ്റ്റ് ആയോ, പേഓർഡറായോ നൽകപ്പെടും. കേടുവന്ന നോട്ടുകൾ രജിസ്റ്റേർഡ്/ഇൻഷേഡ് തപാൽ വഴിയും ആർ.ബി.ഐ ഓഫീസുകളിലേയ്ക്ക് അയക്കാം.

തീർത്തും അഴുക്കുപുരണ്ടതോ പൊടിയുന്ന അവസ്ഥയിലുള്ളതോ കത്തിയതോ ആയതും അതുകൊണ്ട് സാധാരണ ഗതിയിൽ കൈകാര്യം അസാധ്യമായതുമായ നോട്ടുകൾ ആർ.ബി.ഐ യുടെ ഇഷ്യൂ ഓഫീസിൽ മാത്രമേ നൽകാനാകു. അത്തരം നോട്ടുകൾ കൈവശമുള്ള വ്യക്തികൾ റിസർവ് ബാങ്ക് ഇഷ്യൂ വകുപ്പിലെ ക്ലെയിംസ് വിഭാഗത്തിന്റെ ചുമതലയുള്ള ഓഫീസറെ സമീപിക്കണം.

അജിത്ത് പ്രസാദ്
മാനേജർ

പത്രക്കുറിപ്പ് 2002-2003/56